**ശ്ലീഹാക്കാലം നാലാം ഞായർ**

**ലൂക്കാ 6:27-36**

## ക്രിസ്തുവിന്റെ ബദൽശൈലികൾ

**റവ.ഡോ. മാർട്ടിൻ കല്ലുങ്കൽ**

സ്നേഹമെന്നത് ഒരു വികാരമെന്ന നിലയ്ക്കല്ല വിശുദ്ധ ഗ്രന്ഥം മനസ്സിലാക്കുന്നത്. അതൊരു മനോഭാവവും പ്രവൃത്തിയുമാണ്. സ്വന്തം സന്തോഷത്തെക്കാൾ അപരന്റെ നന്മയും സ്വാസ്ഥ്യവും ലക്ഷ്യമാക്കിയുള്ള സമഗ്രസമീപനവും പ്രവർത്തനവുമാണത്. അടിക്കുന്നവരെ തിരിച്ചടിക്കാനാണ് എല്ലാ മനുഷ്യമൃഗങ്ങളുടെയും സ്വാഭാവിക പ്രവണത. ഏതു പ്രായത്തിലുള്ളവരും ഏതു പദവിയിലുള്ളവരും എവിടെയും എപ്പോഴും ഈ പ്രത്യാക്രമണ സ്വഭാവം പ്രകടിപ്പിച്ചു കാണാറുണ്ട്. മനുഷ്യന്റെ ഈ സാർവത്രിക സ്വഭാവത്തിനു മൗലികമായ മാറ്റം വരണമെന്നാണ് ഈശോ പറയുന്നത്. ശത്രുവിനോടു സൗഹൃദം, ദ്വേഷിക്കുന്നവർക്കു നന്മ, ശാപത്തിനു പകരം അനുഗ്രഹം, അധിക്ഷേപിക്കുന്നവർക്കായി ഒരു പ്രാർത്ഥന, അപ്രതീക്ഷിതമായി മുഖത്തടിക്കുന്നവനെ തുടർന്നടിക്കാൻ അനുവദിക്കൽ, ഒന്നു തട്ടിയെടുക്കുന്നവന് അടുത്തതുകൂടെ കൊടുക്കൽ, ചോദിക്കുന്ന ആരെയും നിരാശപ്പെടുത്താതിരിക്കുന്നത് - ഇങ്ങനെ പോകുന്നു ക്രിസ്തു നിർദ്ദേശിക്കുന്ന ബദൽശൈലികൾ.

## സുവർണനിയമം

നിനക്ക് അഹിതമായത് അപരനോടും ചെയ്യരുത് (തോബി 4:15) എന്നതു പുരാതനകാലം മുതലുള്ള മാനുഷികനിയമമാണ്. ലേവ്യർ 19:18-ലും ഈ ചിന്ത കാണാം. നിയമവും പ്രവാചകന്മാരും നല്കുന്ന പ്രബോധനത്തിന്റെ സാരാംശം ഈ സുവർണനിയമമാണെന്ന് മത്താ 7:12-ൽ നാം വായിക്കുന്നു. ശുദ്ധമായ മാനുഷിക നന്മയുടെ പാരസ്പര്യത്തിൽ അടിസ്ഥാനമിട്ടു നില്ക്കുന്ന ഈ നിയമത്തെ ദൈവസ്വഭാവവുമായി ബന്ധപ്പെടുത്തി പരിഷ്കരിക്കുകയാണ് ലൂക്കാ സുവിശേഷകൻ ചെയ്യുന്നത്. മറ്റുള്ളവർ നിങ്ങളോടു ചെയ്യുന്നതുപോലെയല്ല, ദൈവം നിങ്ങളോടു ചെയ്യുന്നതു പോലെയാണ് നിങ്ങൾ മറ്റുള്ളവരോടു ചെയ്യേണ്ടതെന്നാണ് സുവർണനിയമത്തിനു ലൂക്കാ സുവിശേഷകൻ നല്കുന്ന ഭാഷ്യം. ക്രിസ്തീയ മനോഭാവങ്ങളുടെയും പ്രവർത്തനങ്ങളുടെയും യഥാർത്ഥ മാനദണ്ഡം അവനവനോ അപരനോ അല്ല, ദൈവമാണ്. ദൈവമെന്നെ കാണുന്നതു പോലെയാണ് ഞാൻ എന്നെ വിലയിരുത്തേണ്ടത്. ദൈവം മറ്റുള്ളവരോടു കാണിക്കുന്ന കരുണയ്ക്കനുസൃതമായാണ് ഞാനവരോട് അലിവോടെ പെരുമാറേണ്ടത്. ദൈവം അപമാനിക്കാതെ സംരക്ഷിക്കുന്നവരെ ഞാൻ അധിക്ഷേപിക്കരുത്. ദൈവം ജീവിതം നീട്ടി നല്കുന്നവർക്ക് ഞാൻ വധശിക്ഷ വിധിക്കരുത്.

## മേന്മ എന്തിലടങ്ങിയിരിക്കുന്നു?

ക്രൈസ്തവന്റെ മേന്മ എന്തിലടങ്ങിയിരിക്കുന്നുവെന്ന് ധൈര്യപൂർവം ചിന്തിക്കാൻ ഈശോ നമ്മെ ക്ഷണിക്കുന്നു. സ്നേഹിതരെ സ്നേഹിക്കുന്നതിൽ വലിയ മേന്മയൊന്നുമില്ല. സ്നേഹിക്കാതിരിക്കുന്നതു നന്ദിഹീനതയാണ്. ഉപകാരികൾക്കു പ്രത്യുപകാരം ചെയ്യുന്നതിൽ എടുത്തു പറയത്തക്ക മേന്മയില്ല. പ്രത്യുപകാരം ചെയ്യാതിരിക്കുന്നതു നന്ദിഹീനതയാണ്. മടക്കിത്തരാൻ കഴിവുള്ളവനാണോയെന്നു മുൻകൂട്ടി നോക്കി കടം കൊടുക്കുന്നതിൽ യാതൊരു മേന്മയുമില്ല. കൊടുക്കാൻ കഴിവുണ്ടായിട്ടും കൊടുക്കാതിരിക്കുന്നത് ഉപേക്ഷയാണ്. പ്രതിസ്നേഹവും പ്രത്യുപകാരവും പലിശരഹിത വായ്പയുമെല്ലാം വലിയ നന്മ പ്രവൃത്തികളായി കരുതപ്പെടുന്ന ലോകത്തിൽ യേശുവിന്റെ ആഹ്വാനങ്ങളുടെ അർത്ഥമെന്താണ്? ഇവിടെ മേന്മ എന്നതുകൊണ്ട് യേശു ഉദ്ദേശിക്കുന്നത് അനന്യമായ ക്രിസ്തീയ മൂല്യമാണ്. പ്രതിസ്നേഹവും പ്രത്യുപകാരവും പലിശരഹിത വായ്പയുമെല്ലാം ലോകരാജ്യത്തിലെ മൂല്യങ്ങൾ തന്നെ. ലൗകികബന്ധങ്ങളെ ഊഷ്മളമാക്കുന്നതിൽ അവർക്കു വലിയ പങ്കുണ്ട്. എന്നാൽ, ക്രിസ്തുവിൽ വെളിപ്പെടുന്ന ദൈവരാജ്യത്തിൽ ഇവയൊന്നും വലിയ മൂല്യങ്ങളല്ല. ക്രിസ്തു ശിഷ്യർ ഇവയ്ക്കപ്പുറം പോവുക തന്നെ വേണം.

## ബദൽ ശൈലിയുടെ ആത്മാവ്?

ശത്രുവിനെ സ്നേഹിക്കണമെന്നതു പഴയ നിയമകാലത്തെ കാഴ്ചപ്പാടുകൾക്കപ്പുറം പോകുന്നതാണ്. ജീവനു പകരം ജീവനനെടുക്കണമെന്നു പുറപ്പാട് പുസ്തകം 21:23-ൽ നാം വായിക്കുന്നു. എടുത്തതുപോലെ തിരിച്ചു നല്കണമെന്നതിൽ ഈശോ മാറ്റം വരുത്തുന്നില്ല. എന്തു തിരിച്ചു നല്കണമെന്നതിലാണ് അവിടന്നു നൂതനത്വം കൊണ്ടുവന്നത്. തിന്മ ചെയ്യുന്നവർക്കു നന്മ തിരിച്ചു നല്കണം. കല്ലേറു കിട്ടുമ്പോൾ തിരിച്ചു പുഷ്പവർഷം നടത്തണമെന്നു വ്യംഗ്യം. യഥാർത്ഥ സൗഹൃദത്തിന്റെ ആധാരമായി നില്ക്കുന്നതു തിന്മയ്ക്കു പകരം ലഭിക്കുന്ന നന്മയാണല്ലോ. ഒറ്റുകാരനെയും ഈശോ സ്നേഹിതാ എന്നുതന്നെയാണ് വിളിച്ചത്.

ഗ്രീക്ക് ചിന്തകനായ പ്ലേറ്റോയുടെ വീക്ഷണത്തിൽ മൂന്നു കൂട്ടരോടാണ് മനുഷ്യനു കടപ്പാട് വേണ്ടത്; ഒന്ന്, ദൈവത്തോട്. രണ്ട്, മാതാപിതാക്കളോടും സ്നേഹിതരോടും. മൂന്ന്, മരിച്ചുപോയവരോട്. എന്നാൽ ഇതിനപ്പുറം, അകാരണമായി ആക്രമിക്കുന്ന ശത്രുക്കളോടും നമുക്കു കടപ്പാടുണ്ടാകണമെന്ന് ഈശോ പറയുന്നു.

ശത്രുസ്നേഹം സ്വജീവിതത്തിൽ പ്രാവർത്തികമാക്കാൻ ഈശോയ്ക്കു കഴിഞ്ഞു. വിശുദ്ധ പത്രോസ് സാക്ഷ്യപ്പെടുത്തുന്നതുപോലെ നിന്ദിക്കപ്പെട്ടപ്പോൾ അവൻ പകരം നിന്ദിച്ചില്ല. പീഡനമേറ്റപ്പോൾ ഭീഷണിപ്പെടുത്തിയില്ല (1 പത്രോ 2:23). കുരിശിൽ കിടന്നുകൊണ്ട് ഈശോ തന്റെ ഘാതകർക്കായി പിതാവേ, അവരോടു ക്ഷമിക്കണമേ, അവർ ചെയ്യുന്നതെന്തെന്ന് അവർ അറിയുന്നില്ല എന്നായിരുന്നല്ലോ പ്രാർത്ഥിച്ചത്. ക്രിസ്തീയസ്നേഹത്തിന്റെ അനന്യതയറിഞ്ഞ വിശുദ്ധ പൗലോസ് പറയുന്നു: സ്നേഹം ദീർഘക്ഷമയുള്ളതാണ് (1 കോറി 13:4).

സ്വന്തം സ്വാഭാവിക പ്രവണതകളെക്കാൾ സ്വർഗത്തെയനുസരിക്കാൻ ഇന്നത്തെ സുവിശേഷം നമ്മെ ആഹ്വാനം ചെയ്യുന്നു.